## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6403 — 11.07.2012-ലെ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. വി. ശശി

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### ബജറ്റ് നിർദ്ദേശങ്ങളിൽ പൂർണ്ണമായി നടപ്പാക്കിയ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2011-12 സാമ്പത്തിക വർഷത്തിലെ ബജറ്റ് നിർദ്ദേശങ്ങളിൽ പൂർണ്ണമായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സ്വയം സംരംഭക വികസനമിഷൻ, സാമൂഹ്യ ക്ഷേമ പെൻഷനുകൾ, കർഷക തൊഴിലാളി പെൻഷൻ എന്നിവ 400 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ, ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്നതിനുള്ള പദ്ധതി, കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് |
| (ബി) | ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിൽ ഇനിയും പൂർണ്ണമായി നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ; | ചികിത്സാ സഹായം നൽകുന്നതിനുവേണ്ടിയുള്ള കാരുണ്യ സഹായ നിധി, കാലിത്തീറ്റാ സബ്സിഡി, അനാഥാലയങ്ങൾക്കുള്ള സഹായം, എൻഡോസൾഫാൻ ദുരിതബാധിതരായ കിടപ്പിലായ രോഗികൾക്ക് 5 ലക്ഷം രൂപാ വീതവും മറ്റു രോഗികൾക്ക് 3 ലക്ഷം രൂപാ വീതവും എൻഡോസൾഫാൻമൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപാ വീതവും നൽകുന്നതിനുള്ള ഉത്തരവുകൾ, മാലിന്യമുക്ത കേരളം തുടങ്ങിയവ ഇതിനോടകംതന്നെ നടപ്പിലാക്കിയ സുപ്രധാന പദ്ധതികളാണ്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. ഇടുക്കി, മലപ്പുറം, കാസർഗോഡ്, പത്തനംതിട്ട |

| | | |
|---|---|---|
| | | എന്നീ ജില്ലകളിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന റോഡ് നവീകരണ പദ്ധതിക്ക് 200 കോടി 2011-12 ലെ ബജറ്റിൽ അനുവദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 1000 കിലോമീറ്റർ റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, കണ്ണൂർ ജില്ലയിലെ ചെറുപുഴ, മലപ്പുറം ജില്ലയിലെ എടവണ്ണ, കോട്ടയം ജില്ലയിലെ കുറുവിലങ്ങാട്, എരുമേലി, ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി എന്നീ സ്ഥലങ്ങളിൽ ട്രഷറികൾ ആരംഭിക്കുവാനുള്ള ഭരണാനുമതി നൽകുകയും അതു സംബന്ധിച്ച തുടർ നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (സി) | ബജറ്റ് പ്രഖ്യാപനങ്ങളിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കണ്ടായെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഇല്ല |

സെക്ഷൻ ഓഫീസർ